(Pages : 3) **T – 6257**

**Reg. No. : .............................**

**Name : .................................**

**Second Semester M.A. Degree Examination, September 2024**

**Malayalam Language and Literature**

**ML 521 : മലയാളഗദ്യചരിത്രം**

**(2023 Admission)**

Time : 3 Hours Max. Marks : 75

I. **ഒരു** വാക്കിലോ **ഒരു** വാക്യത്തിലോ ഉത്തരമെഴുതുക.

1. വട്ടെഴുത്തിന്റെ മറ്റൊരു പേര്.

2. മലയാളത്തിലെ ലഭ്യമായ ആദ്യത്തെ ഗദ്യകൃതിയായി പരിഗണിക്കപ്പെടുന്നത്?

3. കേരളത്തിൽ ഔദ്യോഗികഭാഷാ നിയമം നിലവിൽ വന്ന വർഷം.

4. ഏതു വൈദേശിക ലിപി മലയാളത്തിൽ എഴുതാനാണ് കർസോനി മലയാളം ഉപയോഗിക്കുന്നത്?

5. കേരളത്തിൽ അച്ചടിച്ച ആദ്യമലയാള കൃതിയേത്?

**(5 × 1 = 5 Marks)**

II. **രണ്ട്** പുറത്തിൽ കവിയാതെ **പത്ത്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

6. മലയാളത്തിലെ ആദ്യകാല ലിപിമാതൃകകളെക്കുറിച്ച് വിവരിക്കുക.

7. മലയാളലിപിമാനകീകരണത്തിൽ അച്ചടിയുടെ പ്രാധാന്യം വ്യക്തമാക്കുക.

8. ആദ്യകാല ഗദ്യമാതൃക എന്ന നിലയിൽ തരിസാപ്പള്ളിചെപ്പേടിന്റെ പ്രാധാന്യമെന്ത്?

9. ശാസനഭാഷയുടെ പൊതുസവിശേഷതകൾ വിശദീകരിക്കുക.

**P.T.O.**

10. ചമ്പുക്കളിലെ ഗദ്യരീതിയുടെ സവിശേഷതകൾ എന്തെല്ലാം?

11. ഭാഷാകൌടലീയത്തിന്റെ ഭാഷാപരമായ സവിശേഷതകൾ ഉദാഹരണസഹിതം വിവരിക്കുക.

12. വൈജ്ഞാനികകൃതികളിലൂടെയുള്ള മധ്യകാല മലയാളഗദ്യത്തിന്റെ വളർച്ച ഉദാഹരണസഹിതം വിശദീകരിക്കുക.

13. മലയാളത്തിലെ ഗദ്യസാഹിത്യത്തിന്റെ വളർച്ചയിൽ മിഷണറി മലയാളത്തിനുള്ള സ്ഥാനമെന്ത്?

14. പത്രമാസികകളിലൂടെയുള്ള ഗദ്യത്തിന്റെ വളർച്ച മലയാളഭാഷാരൂപീകരണത്തിന് സഹായകമായതെങ്ങനെ?

15. സാങ്കേതികവിദ്യ ഭാഷാപരിണാമത്തെ സഹായിക്കുന്നതെങ്ങനെ?

16. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ സ്ഥാനത്തെക്കുറിച്ചുള്ള ജോർജ്ജ് മാത്തന്റെ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

17. സ്ത്രീകളുടെ സാഹിത്യത്തിന് പ്രാമുഖ്യം കൈവരിക്കുന്നതിനായി ബി. ഭാഗീരഥിയമ്മ നടത്തിയ ശ്രമങ്ങളെന്തെല്ലാം?

18. മലയാളത്തിന്റെ ക്ലാസ്സിക് പദവിയെ ചരിത്രപരമായി പരിശോധിക്കുക.

19. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ മലയാളഗദ്യത്തിനു നൽകിയ സംഭാവനകൾ വിലയിരുത്തുക.

20. ''ഒരു നവോത്ഥാനസങ്കല്പം എന്നതോടൊപ്പം നമ്മെസ്സംബന്ധിച്ച് മാതൃഭാഷാവബോധമെന്നത് അധിനിവേശവിരുദ്ധമായ ആശയധാരകൂടിയാണ്.'' പി. പവിത്രന്റെ ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

**(10 × 4 = 40 Marks)**

III. നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

21. (a) മലയാളഭാഷോത്പത്തിയെക്കുറിച്ചുള്ള വിവിധ മതങ്ങൾ യുക്തിസഹമായി പരിശോധിക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ പ്രാചീനഗദ്യമാതൃകകളും അവയുടെ ഭാഷാചരിത്രസാംസ്കാരിക പ്രാധാന്യവും വിശദമാക്കുക.

22\. (a) മലയാള ഗദ്യത്തിന്റെ വളർച്ചയ്ക്ക് പാശ്ചാത്യമിഷണറിമാർ നല്കിയ സംഭാവനകളെന്തെല്ലാം?

അല്ലെങ്കിൽ

(b) ശാസനഭാഷയിൽ തുടങ്ങി പത്തൊമ്പതാംശതകം വരെയുള്ള മലയാളഗദ്യത്തിന്റെ വളർച്ചാഘട്ടങ്ങളും പ്രവണതകളും വിശദീകരിക്കുക.

23\. (a) മലയാളത്തിലുണ്ടായ അക്കാദമികപഠനങ്ങൾക്ക് ഭാഷാചരിത്രവികാസത്തിലുള്ള പങ്ക് വിലയിരുത്തുക.

അല്ലെങ്കിൽ

(b) നവസാങ്കേതികമേഖലയിലെ വ്യവഹാരങ്ങൾക്കായി ഭാഷ ചിട്ടപ്പെടുത്തേണ്ട തിന്റെ ആവശ്യകതയെന്ത്?

**(3 × 10 = 30 Marks)**

---